# THE GOOD SHEPHERD
BULLETIN

*A Laity initiative for Peace, Unity and Enlightenment*

പുസ്തകം:03 | 2025 ഏപ്രിൽ - മേയ് (1200 മേടം- ഇടവം) | ലക്കം:2


എഡിറ്റോറിയൽ

## പുത്തൻ ചക്രവാളങ്ങൾ തുറക്കുന്ന കത്തോലിക്ക സഭ

യാഥാസ്ഥിതികത്വത്തിന്റെയും പൗരോഹിത്യ മേൽക്കോയ്മയുടെയും പേരിൽ വിമർശിക്കപ്പെട്ടിരുന്ന കത്തോലിക്കാ സഭയ്ക്ക് സാർവത്രികമായ ആദരം നേടാനായ കാലമായിരുന്നു, ഫ്രാൻസിസ് മാർപാപ്പയുടെ ഭരണകാലം. ലാളിത്യം കൊണ്ട് ലോകത്തിന്റെ സ്നേഹാദരവുകൾ നേടിയ അസീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ നാമധേയം സ്വീകരിച്ചുകൊണ്ട് ആധുനിക കാലത്ത് കത്തോലിക്കാ സഭയ്ക്ക് മാത്രമല്ല, ക്രൈസ്തവ ലോകത്തിന് മുഴുവൻ മാതൃകാ പ്രദർശകനായി, അദ്ദേഹം.

സാഹചര്യങ്ങളുടെ തടവുകാരായിക്കഴിഞ്ഞ മുൻ മാർപാപ്പമാരിൽ നിന്ന് വ്യത്യസ്തനായി, ആഗോള കത്തോലിക്കാ സഭയുടെ അധിപനായ ഫ്രാൻസിസ് മാർപാപ്പ ലാളിത്യം ജീവിതവ്യതമായി സ്വീകരിച്ചു. ആഡംബര സമന്വിതമായ കൊട്ടാര ജീവിതം നിരസിച്ച് സാധാരണക്കാർക്കുള്ള വസതിയിൽ ജീവിച്ചും വത്തിക്കാനിലെ ജീവനക്കാരോടൊപ്പം ഭക്ഷണം കഴിച്ചും ഒരു ചെറിയ കാറിൽ സഞ്ചരിച്ചും ഫ്രാൻസിസ് മാർപാപ്പ മാമൂലുകൾ പൊളിച്ചെഴുതി.

തുറന്ന മനസ്സിന് ഉടമയായിരുന്ന ഫ്രാൻസിസ് മാർപാപ്പ ക്രിസ്തുവിൽ വിശ്വസിക്കുക മാത്രമല്ല, ക്രിസ്തുവിന്റെ അനുകാരി ആകുവാനും നിരന്തരം ശ്രമിച്ചു. ദരിദ്രർ, നിരാലംബർ, അഭയാർത്ഥികൾ, രോഗികൾ, ഏതെങ്കിലും തരത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടവർ എന്നിവരുടെ നേരെ അദ്ദേഹത്തിന്റെ നിരുപാധികമായ സ്നേഹവും കരുണയും തുറന്നൊഴുകി.

യുദ്ധങ്ങൾക്കെതിരെ ശബ്ദമുയർത്തുവാനും യുദ്ധങ്ങളിൽ ദുരിതമനുഭവിക്കുന്നവരോട് ലോകത്തിന്റെ സഹതാപം അഭ്യർത്ഥിക്കുവാനും ഫ്രാൻസിസ് മാർപാപ്പ പ്രദർശിപ്പിച്ച ധീരത ലോകം ഒരിക്കലും മറക്കുകയില്ല. അദ്ദേഹത്തെക്കുറിച്ച് പുസ്തകം എഴുതിയ അന്തോണിയോസ് പദാരോ സ്വയം നിർവചിക്കുവാൻ ആവശ്യപ്പെട്ടപ്പോൾ മാർപാപ്പ പറഞ്ഞത് ഞാൻ പാപിയാണ് അതാണ് കൃത്യമായ വിശേഷണം എന്നായിരുന്നു. സ്വയം പാപിയായി കരുതുന്ന ഒരാൾക്ക് മറ്റുള്ളവരുടെ തെറ്റുകൾ പൊറുക്കുവാൻ ബുദ്ധിമുട്ടുണ്ടാകയില്ലല്ലോ? അപ്രമാദിത്വം മാർപാപ്പമാരുടെ അലങ്കാരമായി കരുതിയിരുന്ന കത്തോലിക്കാ സഭയിലാണ്, ഇങ്ങനെ ഒരു മാർപാപ്പ ഉണ്ടായത് എന്ന് മറക്കാനാവില്ല.

പലപ്പോഴും മുൻ മാർപാപ്പാമാരുടെ ദർശനവും ജീവിത ശൈലിയും പിന്തുടരുവാൻ തൊട്ടു പിന്നാലെ വരുന്നവർക്കു കഴിഞ്ഞിട്ടില്ലെങ്കിലും ലിയോ പതിനാലാമനെ പുതിയ മാർപാപ്പ ആയി തിരഞ്ഞെടുത്ത കർദിനാൾ തിരുസംഘം, കത്തോലിക്കാ സഭ ഫ്രാൻസിസ് മാർപാപ്പയുടെ വഴി പിന്തുടരുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുകയാണ് ചെയ്തത്.

ഫ്രാൻസിസ് മാർപാപ്പയുടെ കാലശേഷം അധികം വൈകാതെ തന്നെ ലിയോ പതിനാലാമനെ പുതിയ പാപ്പായായി തെരഞ്ഞെടുത്ത കത്തോലിക്ക സഭ ഫ്രാൻസിസ് മാർപാപ്പ തുറന്നിട്ട വഴികളിലൂടെയാണ് സഭ സഞ്ചരിക്കുവാൻ പോകുന്നത് എന്ന് വ്യക്തമാക്കിയത് ഏറെ പ്രതീക്ഷ നൽകുന്നു.

വിശുദ്ധ ആഗസ്റ്റിന്റെ പേരിൽ ഉള്ളതും 47 രാജ്യങ്ങളിൽ പ്രവർത്തിക്കുന്നതും 2800 ൽ പരം സന്യാസികൾ ഉള്ളതുമായ സന്യാസ സഭയുടെ ജനറൽ ആയിരുന്നിട്ടുണ്ട്, അദ്ദേഹം. ജനിച്ചത് അമേരിക്കയിലെങ്കിലും പെറുവിയൻ പൗരനായ ലിയോ മാർപാപ്പ, ഫ്രാൻസിസ് മാർപാപ്പയുടെ കാലടികളെ തുടരുമെന്ന് എല്ലാവരും പ്രതീക്ഷിക്കുന്നു. വൈദികൻ ആയിരിക്കുമ്പോൾ തന്നെ ഫ്രാൻസിസ് മാർപാപ്പയുടെ സ്നേഹവാത്സല്യങ്ങൾ പിടിച്ചുപറ്റുവാൻ കഴിഞ്ഞയാളാണ് ലിയോ മാർപാപ്പ. അദ്ദേഹത്തെ മെത്രാൻ പദവിയിലേക്കും കർദിനാൾ പദവിയിലേക്കും ഉയർത്തുന്നതിന് പിന്നിൽ ഫ്രാൻസിസ് മാർപാപ്പയുടെ കരുതൽ ഉണ്ടായിരുന്നു. ബിഷപ്പുമാരെ തീരുമാനിക്കുന്ന സമിതിയുടെ തലവനായും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ഫ്രാൻസിസ് മാർപാപ്പയിലൂടെ കത്തോലിക്കാ സഭയ്ക്ക് ലഭിച്ച സാർവത്രികമായ ആദരവും അംഗീകാരവും തുടർന്നും നിലനിർത്തുവാനും കൂടുതൽ വിശാലമായ ചക്രവാളങ്ങളിലേക്ക് സഭയെ എത്തിക്കുവാനുമുള്ള ശ്രമം എല്ലാ ക്രിസ്തു വിശ്വാസികൾക്കും ആഹ്ലാദകരമാണ്.

ഫ്രാൻസിസ് മാർപാപ്പയുടെയും ലിയോ പതിനാലാമൻ മാർപാപ്പയുടെയും കാഴ്ചപ്പാടുകളും ജീവിതശൈലിയും ഇതര സഭകളിലെ പരമോന്നത പദവികൾ അലങ്കരിക്കുന്നവർ മാതൃകയാക്കി എങ്കിൽ എന്ന് സാധാരണ വിശ്വാസികൾ ആഗ്രഹിച്ചു പോകുന്ന ഒരു കാലഘട്ടമാണിത്. ശക്തി പ്രകടനങ്ങൾക്കും, ആഘോഷപൂർണ്ണമായ വരവേൽപ്പുകൾക്കും വേണ്ടി വിശ്വാസികളുടെ സമയവും കഴിവുകളും വിനിയോഗിക്കുകയും അതിൽ അഭിമാനിക്കുകയും ചെയ്യുന്നവർക്ക് കാലത്തിന്റ് ചുവരെഴുത്തുകൾ വായിച്ചു മനസ്സിലാക്കുവാൻ കഴിയട്ടെ എന്ന് ആശിക്കാം.

## സഭയുടെ ആത്മാഭിമാനം സംരക്ഷിക്കപ്പെടണം

**കോട്ടയം** : മലങ്കര ഓർത്തഡോക്സ് സഭയുടെ ആത്മാഭിമാനം നശിപ്പിക്കുന്ന നിലപാടുകളും നടപടികളും തിരുത്തണമെന്ന് 'ദി ഗുഡ് ഷെപ്പേർഡ് ഓർത്തഡോക്സ് സിറിയൻ ക്രിസ്ത്യൻ ഫാമിലി ഫെലോഷിപ്പ്' ആവശ്യപ്പെട്ടു. ക്രൈസ്തവ സമൂഹത്തിലും പൊതുസമൂഹത്തിലും വർഷങ്ങളായി സഭക്ക് ഉണ്ടായിരുന്ന വ്യക്തിത്വവും, അന്തസ്സും, അഭിമാനവും തകർക്കുന്ന നയങ്ങളും നടപടികളുമാണ് സഭാ നേതൃത്വത്തിന്റെ ഭാഗത്തുനിന്ന് അടുത്തിടെ ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

2024 ഡിസംബർ വരെ ഒരേ അപ്പത്തിന്റെ അംശികളെന്ന നിലയിൽ യാക്കോബായ വിഭാഗത്തെ ഉൾക്കൊണ്ടിരുന്ന പാരമ്പര്യവും വിശ്വാസവുമാണ് സഭക്കുണ്ടായിരുന്നത്. ഒരു ഉൾവിളി പോലെ, വേണ്ടപര്യാലോചന കൂടാതെ, മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രധാന മേലധ്യക്ഷൻ, എക്കാലവും പുലർത്തിയിരുന്ന സഭയുടെ വിശ്വാസത്തിലും കാനോനുകളിലും അധിഷ്ഠിതമായിരുന്ന നിലപാടുകൾ മാറ്റിമറിച്ച്, മലങ്കര സഭയിലെ ഓർത്തഡോക്സ്, യാക്കോബായ വിഭാഗങ്ങൾ തമ്മിൽ വിശ്വാസത്തിലും, ആചാരാനുഷ്ഠാനങ്ങളിലും വ്യത്യസ്തങ്ങളായ രണ്ട് സഭകളാണെന്ന് സുപ്രീം കോടതിയിൽ നൽകിയ സത്യവാങ്മൂലം, 2024 ഡിസംബർ 13 വരെ ഉണ്ടായിരുന്ന വിശ്വാസപരമായ സത്യത്തെ ഹനിക്കുകയും തദ്വാരാ, സുപ്രീം കോടതിക്കുപോലും, ഇതുവരെ ഉണ്ടായിരുന്ന നിഗമനങ്ങൾ പുനരാലോചനയ്ക്ക് വിഷയീഭവിക്കുന്നതിലേക്ക് കൊണ്ടു ചെന്നെത്തിച്ചിരിക്കുകയാണ്.

തൻമൂലം, സമാന്തര ഭരണത്തിനെതിരായി വിധി പ്രഖ്യാപിച്ച സുപ്രീം കോടതിയുടെ അധികാര പരിധിയിൽ തന്നെ ഒരു സമാന്തര കാതോലിക്കാ 2025 മാർച്ച് 25 ന്, വാഴിക്കപ്പെട്ട് നിയമിക്കപ്പെടുവാനും, പ്രവർത്തിക്കുവാനും, അസ്തമയ ബിന്ദുവിൽ നിന്നിരുന്ന ഒരു വിഭാഗത്തിന് അസ്തിത്വം ഉണ്ടാക്കുവാനും, സഹോദരങ്ങൾ എന്ന നിലയിൽ, രണ്ടുകൂട്ടരും ബഹുമാനിക്കുന്നതും, 1934 ലെ സഭാ ഭരണഘടന പ്രകാരം ആദരിക്കുന്നതുമായ അന്ത്യോക്യൻ പാത്രിയർക്കീസിന്റെ ആശീർവാദത്തോടെ അനുരഞ്ജനത്തിനും യോജിപ്പിനും സമാധാനത്തിനും വേണ്ടിയുണ്ടാകേണ്ട എല്ലാ ദൈവിക നടപടികളെയും പ്രവർത്തനങ്ങളെയും ഇല്ലായ്മ ചെയ്ത് ഭിന്നിപ്പിന്റെ രീതിശാസ്ത്രത്തെ ഉറപ്പിക്കുകയും, ക്രിസ്തു സാക്ഷ്യത്തെ നിരാകരിക്കുകയും ചെയ്തിരിക്കുന്നു.

സഭയുടെ വിശ്വാസാചാരങ്ങളെയും ജനാധിപത്യത്തെയും ഭരണഘടനയെയും അട്ടിമറിക്കുന്ന നടപടികളാണ് ഇതിലൂടെ മലങ്കര ഓർത്തഡോക്സ് സഭയുടെ അധ്യക്ഷൻ ചെയ്തിരിക്കുന്നതെന്നും ഫെലോഷിപ്പ് അഭിപ്രായപ്പെട്ടു. സഭയുടെ സ്ഥാപനോദ്ദേശ്യവും ക്രൈസ്തവ സാക്ഷ്യവും തകർക്കുന്ന രീതിയിലുള്ള പ്രവൃത്തികൾ തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്നതിൽ ഫെലോഷിപ്പ് ഉത്ക്കണ്ഠ രേഖപ്പെടുത്തി.

യാക്കോബായ വിഭാഗത്തെ ചൂണ്ടി സഭ ഇപ്പോൾ നേരിട്ടു കൊണ്ടിരിക്കുന്ന പ്രതിസന്ധിയിൽ നിന്ന് ഒളിച്ചോടാൻ ആവില്ല. സഭയെ തെറ്റായ ദിശയിലേക്കു നയിക്കാനുള്ള സഭാ തലവന്റെയും നേതൃത്വത്തിന്റെയും നിലപാടുകളാണ് ഇപ്പോഴത്തെ പ്രതിസന്ധിക്ക് കാരണം. പുറത്തുനിന്നും സൃഷ്ടിക്കപ്പെടുന്ന പ്രതിസന്ധികളെക്കാളധികം അകത്തു നിന്നും സൃഷ്ടിക്കപ്പെടുന്ന പ്രതിസന്ധികളാണ് തന്നെ ഭാരപ്പെടുത്തുന്നതെന്ന ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ പ്രസ്താവിച്ചതിന്റെ കാരണം വ്യക്തമാക്കുന്ന സംഭവ വികാസങ്ങളാണ് ഇപ്പോൾ നടക്കുന്നതെന്ന് സഭാ സ്നേഹികൾ നിരീക്ഷിക്കുന്നു.

സഭയുടെ സുന്നഹദോസ് ഉൾപ്പെടെയുള്ള സമിതികൾ, സ്വാർത്ഥ താല്പര്യവും, മണിയടിയും, 'വടിപിടിത്തവും', തുടർന്നാൽ, ഒരു സമൂഹത്തിന്റെ നാശത്തിന് ആക്കം കൂട്ടുകയേയുള്ളൂ. സഭാമക്കൾ ഉണർന്ന് ധീരതയോടെ പ്രവർത്തിക്കാനുള്ള സമയം അതിക്രമിച്ചിരിക്കുന്നതായും പ്രതിരോധത്തിനായി വിശ്വാസികൾ അണിനിരക്കണമെന്നും ഫെലോഷിപ്പ് അഭ്യർത്ഥിച്ചു.

അശരീരി — ജോസ് കുളനട



# ഓറിയന്റൽ ഓർത്തഡോക്സ് സഭകളിൽ നിന്ന് പുറത്തേക്കോ?

**ഓറിയന്റൽ ഓർത്തഡോക്സ് സഭയിൽ നിന്നും മലങ്കര ഓർത്തഡോക്സ് സഭയെ പുറത്താക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ ദി ഗുഡ് ഷെപ്പേർഡ് ഓർത്തഡോക്സ് സിറിയൻ ക്രിസ്ത്യൻ ഫാമിലി ഫെലോഷിപ്പ് 2025 മെയ് 20 ന് സമർപ്പിച്ച നിവേദനം**

മലങ്കര ഓർത്തഡോക്സ്സുറിയാനി സഭയുടെ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ സത്വര പരിഗണനക്കായി, പരിശുദ്ധ കാതോലിക്കാ ബാവയുടേയും, അംഗങ്ങളായ മെത്രാപ്പോലീത്താമാരുടേയും സമക്ഷം.

ക്രിസ്തുവിന്റെ പഠിപ്പിക്കലുകളായ സുവിശേഷങ്ങളിലും, തുടർന്ന് ക്രിസ്തു ശിഷ്യന്മാരുടെ അതിന്മേലുള്ള വ്യാഖ്യാനങ്ങളും, മാർഗ്ഗരേഖകളു മടങ്ങിയ ലേഖനങ്ങൾ ഉൾപ്പെട്ട വേദപുസ്തക രേഖയിൽ അടിസ്ഥാനമുള്ളവരും, പൗരാണിക പാരമ്പര്യങ്ങൾ ദൈവശാസനീയമായി വിശ്വസിക്കുന്നവരും, A.D 325 ൽ കൂടിയ നിഖ്യാസുന്ന ഹദോസിലും, പിന്നീട് കുസ്തന്തീനോസ് പോലിസിലും, എഫേസൂസിലും വെച്ചു നടന്ന പൊതു സുന്നഹദോസുകളിൽ പങ്കെടുക്കുകയും, അതിലെ തീരുമാനങ്ങളെ സഭയുടെ നിയമങ്ങളായി പാലിക്കുകയും, ക്രിസ്തുവിന്റെ ഇരുസ്വഭാവ വാദത്തെ പിൻതാങ്ങി ഉറപ്പിക്കുന്ന, A. D451 ലെ കൽക്കദോന്യ സുന്നഹദോസിനെ നഖശിഖാന്തം എതിർക്കുകയും, വെറുക്കുകയും ചെയ്യുന്ന, ഒരേ വിശ്വാസ സംഹിത പുലർത്തുന്ന, എന്നാൽ വ്യത്യസ്ത സംസ്കാരത്തിൽ സ്വയംഭരണത്തോടെ നിലനിൽക്കുന്ന വരുമായ, പ്രാദേശികപേരിൽ അറിയപ്പെടുന്ന ആറ് ഓർത്തഡോക്ർസ് സഭകളുടെ 1964- ൽ രൂപീകരിക്കപ്പെട്ട ഒരു സഖ്യമായ, 'The Oriental Orthodox Church' എന്ന കൂട്ടായ്മയിൽ/ സംഘത്തിൽപ്പെട്ട ഒരംഗസഭയെ ശിക്ഷിക്കുന്ന വിധം, 2025 മെയ് 17, 18 തീയതികളിൽ നടന്ന 'ടി' സഖ്യത്തിന്റെ തലവന്മാരുടെ കെയ്റോയിലെ സമ്മേളനതീരുമാനം ഏകപക്ഷീയവും, പ്രതികാര ബുദ്ധ്യായുള്ളതുമായി പ്രത്യക്ഷത്തിൽ തന്നെ ബോധ്യപ്പെടുന്നതാണ്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അംബാസ്സഡർ എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഭാഗ്യസ്മർണാർഹനായ ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലിത്ത, പ്രമുഖ ദാർശികനായ യശ്ശശരീരനായ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത, 1958 ലെ സഭാ യോജിപ്പിന്റെ വലിയ സമ്പാദ്യങ്ങളിൽ ഒന്നായ മൺമറഞ്ഞ ഡോ. വി. സി ശമുവേൽ അച്ചൻ തുടങ്ങിയവരുടെകൂടെ സംഭാവനയായ, The Oriental Orthodox Church എന്ന സഖ്യം, 'സഹോദരന്മാർ ഒത്തൊരുമ്മിച്ചു വസിക്കുന്നത് എത്രശുഭവും എത്ര മനോഹരവും ആകുന്നു' വെന്ന നിലയിൽ, ക്രിസ്ത്യൻ സമൂഹത്തിൽ നിർ ണ്ണായക ഇടപ്പെടലുകൾ കഴിഞ്ഞ 61 വർഷങ്ങളായി ചെയ്തിട്ടുണ്ട്.

സാമൂഹികക്ഷേമം, വിദ്യാഭ്യാസ സാർവത്രികത, എക്യൂമെനിസം, തനതു സാംസ്കാരിക പോഷണം, അവരവരുടെ രാജ്യങ്ങളിലുള്ള മതങ്ങൾ തമ്മിലുള്ള സൗഹൃദം, ഡയലോഗുകളിലൂടെ ക്രൈസ്തവ സഭകളിലെ വ്യത്യസ്തത കളും, തർക്കങ്ങളും മനസ്സിലാക്കി അനുരഞ്ജനത്തിന്റെ സാധ്യതകൾ സൃഷ്ടിക്കുക മുതലായവക്ക്, ഈ സഖ്യം വഴിവെച്ചിട്ടുണ്ട്.

അങ്ങനെ ക്രൈസ്തവ വിശ്വാസ സമൂഹത്തിൽ, അൻപതു ദശലക്ഷത്തിൽപരം അംഗസംഖ്യയുള്ള, 'The Oriental Orthodox Church' എന്ന ക്രിസ്തീയസമൂഹത്തിന്, ലോകക്രമത്തിൽ കൂട്ടായി പലതും ചിന്തിച്ച് നടപ്പാക്കുവാനും, ആലോചനകൾ നൽകുവാനും, പലകാര്യങ്ങളിലും സ്വാധീനം ചെലുത്തുവാനും കഴിയുമെന്നുള്ളത്, യാഥാർത്ഥ്യവുമാണ്.

The Oriental Orthodox Church കൂട്ടായ്മയുടെ തുടക്കത്തിന് മികച്ച നേതൃത്വം കൊടുത്ത, അതിലെ ഘടകമായ മലങ്കര (ഇന്ത്യൻ) ഓർത്തഡോക്സ് സുറിയാനി സഭയിൽ, 1974- ൽ, വീണ്ടുമുടലെടുത്ത, തികച്ചും, അധികാരസ്ഥാന തർക്കത്തിന്റെ രൂക്ഷ ഭാവമായ ഭിന്നിപ്പും, പിളർപ്പും തുടർന്നുണ്ടായ സമാന്തരഭരണവും, ഏറ്റവും ദുരിതവും ശാപവുമായ ക്രൈസ്തവ സാക്ഷ്യശോഷണത്തിൽ എത്തി നിൽക്കുന്ന ദുരന്തമാണിന്നിന്റെ വലിയ ദുഃഖം.

പരസ്പരം പഴിചാരിയും, ന്യായാന്യായങ്ങൾ വിശദീകരിച്ചുള്ള ആക്രമണങ്ങളും, പ്രത്യാക്രമണങ്ങളും (കായികവും, അകായികവും), തങ്ങളുടെ മേഖലകളിലുള്ള സ്വാധീനവും, അധികാരവും ഉപയോഗിച്ച് ഒന്ന് ഒന്നിനെ ചെറുതാക്കാനോ, ഇകഴ്ത്താനോ ഉള്ള ശ്രമങ്ങളും ക്രിസ്തുമാർഗ്ഗത്തിൽ ചലിക്കുന്നവർക്ക് അചിന്തനീയങ്ങൾ ആകേണ്ടതാണ്.

സഭാ സ്ഥാപകനായ ക്രിസ്തുവിനെപ്പോലും പരീക്ഷിച്ച പിശാചിനെ ക്രൈസ്തവ നേതൃത്വങ്ങൾ പിന്തുണക്കുന്ന കാഴ്ച്ചയും അനുഭവവുമാണ്, പല ക്രൈസ്തവ പ്രതിസന്ധികൾ സൃഷ്ടിക്കപ്പെടുന്നതിനും, പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതിൽ പരാജയപ്പെടുന്നതിനും ഇടയാക്കുന്നതെ ന്നത് ഒരു ദുഃഖസത്യം.

ഏറ്റവും ഒടുവിൽ, 2025 May 17,18 തീയതികളിൽ കെയ്റോയിൽ നടന്ന, autocephalacy മുഖമുദ്രയാക്കീട്ടുള്ള ഓറിയന്റൽ ഓർത്ത ഡോക്സ് സഭകളുടെ അദ്ധ്യക്ഷന്മാ രുടെ, പതിനഞ്ചാം യോഗത്തിൽ, അതിൽ അംഗത്വമുള്ള മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ ഭിന്നിപ്പിന്റെ വിഷയത്തിൽ എടുത്ത നിലപാടും, തീരുമാനങ്ങളും നിഷ്പക്ഷമായി വിലയിരുത്തപ്പെടേണ്ടതാണ്. മലങ്കര സഭയിൽ, പാത്രീയാർക്കീസ്, കാതോലിക്കാ എന്ന രണ്ട് വിഭാഗങ്ങൾ തമ്മിലുണ്ടായിരുന്ന നീണ്ട വ്യവഹാരങ്ങളെ തുടർന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയുടെ പശ്ചാതലത്തിൽ, 1958 - ൽ രണ്ടു കൂട്ടരും പരസ്പരം അംഗീകരിച്ച് ഒന്നായതും, പിന്നീടുണ്ടായ 1974 ലെ പടലപിണക്കളെ തുടർന്നുണ്ടായ കേസുകളിലുണ്ടായ സുപ്രീം കോടതി വിധികളും, 1934 ലെ സഭാ ഭരണഘടനയുമൊക്കെ അടിസ്ഥാനമാക്കി, ക്രൈസ്തവ നീതിക്കനുരൂപമായ പരിഹാര മുണ്ടാകേണ്ടതിനുപരി, അവഹേളനപരവും, നീചവും, പ്രതിലോമകരവുമായ ഒരു നീക്കമാണ് ആറു ഓർത്തഡോക്സ് സഭകൾ ഉൾക്കൊള്ളുന്ന ഓറിയന്റൽ ഓർത്തഡോക്സ് കൂട്ടായ്മയിൽപ്പെട്ട, ഒരു അംഗ സഭയിലെ ആഭ്യന്തര പ്രശ്നത്തിൽ, ആറ് ഘടക സഭകളിൽ സ്വാധീനമുള്ള മൂന്ന് സഭകൾ മാത്രം ചേർന്നെടുത്തിരിക്കുന്നത്. സ്വാർത്ഥ താൽപര്യം കൂടാതെ, ആത്മാർത്ഥമായ സമീപനത്തോടെ വസ്തുതകൾ വിലയിരുത്തി, Oriental Orthodox സഭകളുടെ Ecclesiology ക്കനുസൃതം, ക്രൈസ്തവ സാക്ഷ്യത്തിനു ചേരും വിധം, മലങ്കര സഭയിലെ വിഭാഗീയത പരിഹരിക്കുന്നതിനു പകരം, വിഭജിച്ച വിഭാഗീയ (Split Sectarian) ഓർത്തഡോക്സ് എന്ന് കാതോലിക്കാ പക്ഷത്തിനു പേരു നൽകി, മറു ഭാഗത്തെ ഔദ്യോഗിക വിഭാഗമാക്കുന്ന ഉപായമാണിവിടെ എടുത്തിരിക്കുന്നത്. പതിനാറാം നൂറ്റാണ്ടിൽ പറങ്കികൾ, പൗരാണികരായ ഇന്ത്യയിലെ തദ്ദേശിയ ക്രിസ്ത്യാനികളെ പുത്തൻകൂറ്റരെന്നും, അന്നത്തെ ഈ രാജ്യത്തെ നസ്രാണികൾക്ക് അന്യമായിരുന്ന റോമൻ കത്തോലിക്കാ സഭയിലേക്ക് അവർ ബലാൽക്കാരേണ മാറ്റി കൊണ്ടുപോയ ക്രിസ്ത്യാനികളെ പഴയ കൂറ്റരെന്നും പേർ വിളിച്ച് പൗരാണികത സ്വയം സൃഷ്ടിച്ചെടുത്ത തുപോലെ, ചരിത്രത്തെ തമസ്ക്കരിച്ച് പൗരാണികമായ മലങ്കര സുറിയാനി സഭയെ ഔദ്യോഗികവും, അനൗദ്യോഗികവും ആക്കുകയും, സാധാരണ വിശ്വാസികളുടെ ഇടയിൽ സംശയത്തിന്റെ മുൾമുനയുണ്ടാക്കുകയും, ഭിന്നിപ്പിന്റെ ആഴം കൂട്ടുകയും ചെയ്തിരിക്കുന്നത് അപലനീയമാണ്.

> **ക്രൈസ്തവസാക്ഷ്യത്തിനു ചേരും വിധം, മലങ്കരസഭയിലെ വിഭാഗീയത പരിഹരിക്കുന്നതിനു പകരം, വിഭജിച്ച വിഭാഗീയ (Split Sectarian) ഓർത്തഡോക്സ് എന്ന് കാതോലിക്കാപക്ഷത്തിനു പേരു നൽകി, മറു ഭാഗത്തെ ഔദ്യോഗിക വിഭാഗമാക്കുന്ന ഉപായമാണിവിടെ എടു ത്തിരിക്കുന്നത്.**

ഈ സാഹചര്യം, മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ എങ്ങനെ വ്യവഹരിക്കുന്നുവെന്നതിലാണ്, സഭയുടെ വ്യക്തിത്വം (identity) വെളിവാക്കുന്നത്. ഒന്നുകിൽ ഇതിനെ കാര്യമാക്കാതെ പുച്ഛിച്ചു തള്ളാം, അല്ലെങ്കിൽ ലഘുവായി എടുത്ത് ഒരു മറുപടി കൊടുക്കാം, അതുമല്ലെങ്കിൽ ഗൗരവമായി കണ്ട്, തദനുസരണം, ശക്തവും വ്യക്തവും,ചങ്കുറപ്പോടെയുള്ള മാർഗ്ഗം സ്വീകരിക്കാം.

മൂന്നാമത്തെ മാർഗ്ഗമാണ്, നമുക്കുചിതമെന്ന് ഞങ്ങൾ ചിന്തിക്കുന്നു. പാളയത്തിലേക്ക് ഇറങ്ങിച്ചെന്ന്, ക്രൈസ്തവ മാർഗത്തിലും, ചരിത്രവസ്തുതകളുടെ അടിസ്ഥാനത്തിലും, കാനോനുകളുടെ വെളിച്ചത്തിലും, രാജ്യത്തെ നിയമത്തിന്റെ ശാസനകൾ വിവേചിച്ചും, ഓറിയന്റൽ ഓർത്തഡോക്സ്സഭകളുടെ ഘടന യും, പാരമ്പര്യങ്ങളും, നയങ്ങളും പുലർത്തിയും, മേൽ പറഞ്ഞ സമ്മേളനത്തിൽ ഉൾപ്പെടേണ്ടിയിരുന്ന മറ്റ് രണ്ട് ഘടക സഭകളെയും (എറിത്രിയൻ & എത്യോപ്യൻ), നമ്മെ ക്ഷണിച്ച അടുത്ത കെയ്റോ യോഗത്തിലുണ്ടാകുമെന്ന് ഉറപ്പുവരുത്തിയും, നമ്മുടെ സഭയിൽ ഈ വക വിഷയങ്ങളിൽ വകതിരിവുള്ള ആളുകളുടെ ഒരു സംഘത്തെ, (ആറു പേരിൽ കൂടാത്ത) ഔദ്യോഗികമായി നിയമിക്കുക. അതിൽ, ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലിത്താ, എബ്രഹാം മാർ സ്തേഫാനോസ് മെത്രാപ്പോലിത്താ, ഫാ. ഡോ. കെ. എം. ജോർജ്, അത്മായരിൽ നിന്ന് ഡോ.റ്റിജു എബ്രഹാം / അഡ്വ. ബിജു ഉമ്മൻ/ഡോ. എം.പി മത്തായി / ശ്രീ. വർഗീസ് ജോൺ തോട്ടപ്പുഴ (ഇവരിൽ ഒരാളെങ്കിലും) എന്നി വരും ഉൾപ്പെടുന്നത് ക്രീയാത്മക മായിരിക്കും.

ദൈവാത്മപ്രേരിതമായ ചിന്തകളും, ആലോചനകളും, തീരുമാനങ്ങളും, നടപടികളുമുണ്ടാകട്ടെ.

എല്ലാറ്റിലുമുപരിയായി ദൈവനാമം മഹത്വപ്പെടട്ടെ.

'ദി ഗുഡ് ഷെപ്പേർഡ് ഓർത്തഡോക്സ് സിറിയൻ ക്രിസ്ത്യൻ ഫാമിലി ഫെലോഷിപ്പി'നു വേണ്ടി

**എ. എം. അലക്സാണ്ടർ**
പ്രസിഡന്റ്

**ഷാജൻ മാത്യു**
(സെക്രട്ടറി)

# 'ആകയാൽ യെരുശലേം നിവാസികളും, യെഹൂദാ പുരുഷന്മാരും ആയുള്ളോരേ, എനിക്കും, എന്റെ മുന്തിരിത്തോട്ടത്തിനും മദ്ധ്യേ വിധിപ്പിൻ.'

***സഭയുടെ അടൂർ – കടമ്പനാട് ഭദ്രാസന മെത്രാപ്പോലീത്തായുടെ വിവാദ പ്രസംഗവുമായി ബന്ധപ്പെട്ട വിഷയത്തിൽ ദി ഗുഡ് ഷെപ്പേർഡ് ഓർത്തഡോക്സ് സിറിയൻ ക്രിസ്ത്യൻ ഫാമിലി ഫെലോഷിപ്പ് സഭാ സുന്നഹദോസിന് 2025 മെയ് 17ന് സമർപ്പിച്ച നിവേദനം***

'ഫലഭൂയിഷ്ഠമായ ഒരു കുന്നിന്മേൽ ഉണ്ടായിരുന്ന നല്ലോരു മുന്തിരിത്തോട്ടം', ഒരു മനസ്സാക്ഷിക്കുത്തുമില്ലാതെ സംഘടിതമായി നശിപ്പിച്ചവരുടെ വ്യഥാലാപം, അടുത്തിടെ തുടരെ തുടരെ മലങ്കര സഭയിൽ അലയടിച്ചു കൊണ്ടിരിക്കുന്നു. നമ്മൾ കേട്ടും കണ്ടും കൊണ്ടുമിരിക്കുന്നു. അതിലേറ്റവും ഒടുവിൽ, മൂന്നു നാലു ദിവസം മുമ്പ്, മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ ഒരു മെത്രാപ്പോലീത്ത, ചുങ്കത്തറ ഓർത്തഡോക്സ് പള്ളിയിലും, ചെന്നിത്തല സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിലും ക്രൈസ്തവ സാക്ഷ്യത്തിന്റെ പരിമളവുമായി, പുതിയൊരു ആശയം എന്നവണ്ണം, യോജി പ്പാണോ, പരസ്പരം ഭാഗം വച്ച് പിരിയൽ ആണോ എന്ന വ്യക്തമായ ധ്വനി തരാതെ 'Kingdom Values', ആത്മരോഷത്തോടെ പ്രകടിപ്പിക്കുന്നത് കണ്ടു, കേട്ടു. ഇത് മെച്ചപ്പെട്ട ഒരു ആത്മരോഷമോ, ഇതുവരെ ഇതിനൊക്കെ കൂട്ടുനിന്നതിൽ നിന്നുണ്ടായ വിഭ്രാന്തിയിൽ ഉടലെടുത്ത പുലമ്പലുകളോ, അഥവാ, പരിശുദ്ധാത്മ നിശ്വാസത്താൽ പുതുക്കപ്പെട്ട ജന്മത്താലുളവായ വെളിപാടോ ? എന്തുതന്നെയായാലും, 1934 ലെ ഭരണഘടന എന്ന പുസ്തകത്തിനും, പരിശുദ്ധാത്മാവ് എന്ന കൗൺസിലറേക്കാൾ, വക്കീലന്മാർ എന്ന കൗൺസിലറന്മാർക്കും പ്രാമുഖ്യം നൽകി സഭയിലെ ഭിന്നിപ്പും, തൻമൂലം ക്രൈസ്തവ സാക്ഷ്യ സങ്കോചവും സംഭവിച്ചതിൽ രോഷാകുലതയോടെ, ഏതോ പുതിയ ആശയം അവതരിപ്പിക്കുന്ന തോന്നൽ സൃഷ്ടിച്ച്, ആടിതിമിർത്ത പ്രസംഗത്തിൽ, ഇതിനൊക്കെ കൂട്ടുനിന്ന്, ഇപ്പോൾ വിശുദ്ധ വിഡ്ഢി ആകാൻ ശ്രമിക്കുന്നവരുടെ ഉള്ളിൽ വേറെ ഏതോ ലക്ഷ്യം വച്ചുള്ളതാണോ എന്ന് സാമാന്യ ജനങ്ങൾക്ക് ന്യായമായ സംശയം. ഒരു ഉൾവിളിപോലെ, ഉണ്ടായ സഭാ ഭരണഘടനയോടും ബഹുമാനപ്പെട്ട കോടതി വിധിയോടും ഉണ്ടായ അസ്പൃശ്യതയും, 'പരിശുദ്ധരുടെ' സമിതിയായ എപിസ്കോപ്പൽ സുന്നഹദോസിൽ പോലും സ്ഥാനം ഇല്ലാത്ത ദൈവരാജ്യമൂല്യങ്ങളോടുള്ള അത്യധികമായ അടുപ്പവും, പാപികളും സാധാരണക്കാരുമായ വിശ്വാസികളുടെ ഇടയിലേക്ക് പ്രസംഗകനായ മെത്രാൻ നുഴച്ചിറക്കിയിരിക്കുന്നു. ഈ പാവം വിശ്വാസികളെങ്കിലും, ക്രൈസ്തവ സാക്ഷ്യസംരക്ഷകരായി മുന്നോട്ടിറങ്ങി, മെത്രാന് കൂട്ടായി ചാവേറുകളാകട്ടെയെന്നാകും അന്തർഗതം. എന്തായാലും, മെത്രാന്റെ ഉണർത്തുപാട്ട് ചിലർക്ക് രസം നൽകുന്ന അങ്ങാടിപാട്ടും, ചിലർക്ക് സഭാ വൈരാഗ്യം തീർക്കാനുള്ള അവസരവും, മറ്റു ചിലർക്ക് സഭയെ കൂടുതൽ ക്ഷീണിപിക്കാനുള്ള നല്ല അവസരവും, സഭ ഒരിക്കലും ഒന്നാകരുതെന്ന് ആഗ്രഹിക്കുന്ന തീവ്രവാദ ചിന്തകർക്ക്, വീണുകിട്ടിയ നല്ലൊരു സന്ദർഭവും ആക്കിയിരിക്കുന്നു.

നൂറുവർഷത്തെ സഭാ കേസിന്റെ ചരിത്രം പറയുന്നവർ, 1958 ലെ സഭാ ഐക്യവും സമാധാനവും അത് നൽകിയ ക്രൈസ്തവ സാക്ഷ്യവും, അത് പിന്നീട് നഷ്ടപ്പെടുത്തുവാൻ ഇടയാക്കിയ നേതൃത്വ ത്തിന്റെ പിടിവാശികളും അറിയാഞ്ഞിട്ടല്ല എന്ന് വിചാരിക്കുന്നു. 1974 നു ശേഷ മുണ്ടായ സഭാ സംബന്ധമായ കോടതി വ്യവഹാരങ്ങളുടെ അന്തിമ തീരുമാനമെന്ന നിലയിൽ, 2017 ജൂലൈ 03 ലെ, ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയിലൂടെ ലഭിച്ചത്. അതിൻവണ്ണം, ക്രൈസ്തവ സാക്ഷ്യം നഷ്ടപ്പെടാതെ, സഭാ തർക്കം പരിഹരിക്കപ്പെടേണ്ടതായിരുന്നുതാനും. മേൽ, സുപ്രീം കോടതിയുടെ സുപ്രധാന വിധിയുടെ ഖണ്ഡിക (xxviii)യിൽ,'വിശുദ്ധമായ നിങ്ങൾ വിശ്വസിക്കുന്ന മതത്തെ ഓർത്തും, കൂടുതൽ കലഹങ്ങളും അനിഷ്ടകരമായ സംഭവങ്ങളും ഒഴിവാക്കിയും, സ്ഥാപനപരമായ ജീർണ്ണത ഒഴിവാക്കാൻ വേണ്ടിയും, ഇരു വിഭാഗക്കാരും, ആവശ്യമെങ്കിൽ, നിയമ പ്രകാരം ഭരണഘടന ഭേദഗതി ചെയ്തുകൊണ്ട് ഒരു പൊതു വേദിയിൽ തങ്ങളുടെ അഭിപ്രായ വ്യത്യാസങ്ങൾ പരിഹരിക്കേണ്ടതാണ്. എന്നാൽ ഒരേ പള്ളികളുടെ ഭരണത്തിന് സമാന്തര സംവിധാനങ്ങൾ സൃഷ്ടിക്കാനുള്ള യാതൊരു ശ്രമവും, ക്രമസമാധാന പ്രശ്നങ്ങൾക്ക് ഇടയാക്കുകയും പള്ളികൾ അടച്ചുപൂട്ടുന്ന അവസ്ഥയിലേക്ക് വരെ കൊണ്ടെത്തിക്കുകയും ചെയ്യുന്നത് അംഗീകരിക്കാനാവില്ല.'

*((xxviii) Both the factions, for the sake of the sacred religion they profess and to preempt further bickering and unpleasantness precipitating avoidable institutional degeneration, ought to resolve their differences if any, on a common platform if necessary by amending the Constitution further in accordance with law, but by no means, any attempt to create parallel systems of administration of the same Churches resulting in law and order situations leading to even closure of the Churches can be accepted.)*

നീണ്ട പ്രതിവാദങ്ങൾ കേട്ട് സ്ഥാനത്തിനും അധികാരത്തിനും വേണ്ടിയുള്ള പടലപ്പിണക്കങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞുണ്ടായ, കേസും പുക്കാറും എന്ന് നന്നായി മനസ്സിലാക്കിയ കോടതിയുടെ വിധിയിലെ ഈ ഖണ്ഡിക, മനഃപൂർവ്വം, ഇപ്പോൾ ശക്തമായി ഉൽഘോഷിക്കുന്ന, 'Values of Divine Kingdom', അറിയേണ്ട സഭയുടെ സുന്നഹദോസ് ഉൾപ്പെടെയുള്ള സഭാ സമിതികളിൽ ക്രൈസ്തവ സാക്ഷ്യാനുസരണം എത്ര പേർ ചിന്തിച്ചു? എത്രപേർ അനുരഞ്ജനത്തിന് അനുകൂലമായ നിലപാട് സ്വീകരിച്ചു? ഐക്യത്തിനു വേണ്ടി വിട്ടു വീഴ്ചയ്ക്ക് എത്രപേർ ശബ്ദമുയർത്തി? ഇതിനായി നില പാടുകൾ ശക്തമായി എടുത്ത ചുരുക്കം ചിലരെ വിസ്മരിക്കുന്നില്ല. എന്നാൽ, അവരെ അമർച്ച ചെയ്യുവാനും, അവഹേളിക്കുവാനും, 'വന്നവനും നിന്നവനും', എന്നൊക്കെ മുദ്രകുത്തി വെറുപ്പിക്കുവാനും, നിശബ്ദരാക്കുവാനും കൂട്ടുനിൽക്കുകയും, ഓർത്തഡോക്സി യുടെ വക്താക്കളായി ചമഞ്ഞ് ഭിന്നിപ്പിന്റെ പുതിയ വേദശാസ്ത്രം പഠിപ്പിച്ചും പ്രചരിപ്പിച്ചും, അർഹിക്കാത്ത സ്ഥാനമാനങ്ങൾ നേടിയെടുത്ത് സഭയുടെ സ്ഥാനികളായ വരിൽ നിന്ന്, "ആകാത്ത വൃക്ഷം, നല്ല ഫലം തരികയില്ല" എന്നുള്ള കർത്താവിന്റെ ഉദ്ബോധനം പ്രാവർത്തികമായികൊണ്ടിരി ക്കുന്നുവെന്നതല്ലേ, ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നതെന്നത് ഒരു ഗൂഢസത്യം.

സഭയിൽ, അനുരഞ്ജനവും, സമാധാനവും,

**ഒന്നായ സഭയെ വെട്ടിമുറിച്ച്, രണ്ട് വിശ്വാസമെന്നും, രണ്ട് ആചാരാനുഷ്ഠാനങ്ങൾ എന്നും, ബോധപൂർവ്വം എഴുതിക്കൊടുത്ത്, കള്ളക്കണ്ണീർ പൊഴിക്കുന്നത്, തൂത്തു കൊടുക്കാൻ കൂട്ടുനിന്നിട്ട് നല്ലപിള്ള ചമയുന്നവരേ, കാലം നിങ്ങൾക്ക് മാപ്പ് തരുമെന്ന് തോന്നുന്നുവോ?**

ഐക്യവും (Dignified Unity) സാധ്യമാക്കാവുന്ന അവസരങ്ങൾ കളഞ്ഞു കുളിച്ചിട്ട്, ഇസ്രായേലിന്റെ മഹത്വം നഷ്ടപ്പെടുന്നതിൽ ഭാഗഭാക്കുകളായവർ മുതലക്കണ്ണീർ പൊഴിക്കുന്നത് കണ്ണിൽ പൊടിയിടൽ തന്ത്രമെന്ന് വിശ്വാസികൾക്ക്, ഇപ്പോൾ കൂടുതൽ മനസ്സിലായി വരുന്നു.

ഒന്നായ സഭയെ വെട്ടിമുറിച്ച്, രണ്ട് വിശ്വാസമെന്നും, രണ്ട് ആചാരാനുഷ്ഠാനങ്ങൾ എന്നും, ബോധപൂർവ്വം സഭാമുഖ്യൻ എഴുതിക്കൊടുത്ത്, കള്ളക്കണ്ണീർ പൊഴി ക്കുന്നത്, തൂത്തു കൊടുക്കാൻ കൂട്ടുനിന്നിട്ട് നല്ലപിള്ള ചമയുന്നവരേ, കാലം നിങ്ങൾക്ക് മാപ്പ് തരുമെന്ന് തോന്നുന്നുവോ? ദൈവം ശിക്ഷി ക്കാതെ വിടുമെന്ന് നിങ്ങൾ കരുതുന്നുവോ?

സഭാസമാധാന ശ്രമങ്ങൾക്കായി, അനുരഞ്ജനത്തിനും, ഒരുമിപ്പിനും ആയിട്ട്, 'പിതാവേ ഞാനും നീയും ഒന്നായിരിക്കുന്ന പോലെ ഇവരും ഒന്നാകണം' എന്ന ക്രിസ്തുവിന്റെ മനം ഉരുകി ഉള്ള പ്രാർത്ഥനയിൽ ഹോമിക്കപ്പെട്ടും, ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധികളും, 1934 ലെ സഭാഭരണഘടനയും അടിസ്ഥാനപ്പെടുത്തിയും, മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അംഗങ്ങൾ ചേർന്ന 'ദി ഗുഡ് ഷെപ്പേർഡ് ഓർത്തഡോക്സ് സിറിയൻ ക്രിസ്ത്യൻ ഫാമിലി ഫെലോഷിപ്പ്' എന്ന തികച്ചും സഭാ തീഷ്ണതയുള്ളവരും, ഉത്പതിഷ്ണുക്കളും, ക്രാന്തദർശികളും, കർതൃസ്നേഹത്തിൽ പ്രേരിതമായി, 2021 - ൽ സഭയിലന്ന് പ്രാർത്ഥനാ ജീവിതം കൊണ്ടും, ലാളിത്യം കൊണ്ടും, വാക്കും പ്രവർത്തിയും ഒരുമിച്ചു കൊണ്ടുപോകുവാൻ ശ്രമിച്ച ഒരു സഭാപിതാവ് എന്ന നിലയിൽ, കൊല്ലം ഭദ്രാസനത്തിന്റെ അന്നത്തെ ചുമതലക്കാരനായിരുന്നു സക്കറിയാസ് മാർ അന്തോനിയോസ് തിരുമേനിയിൽ തുടങ്ങി, അന്ന് സഭയിലുണ്ടായിരുന്ന ഇരുപത്തിനാലു സഭാപിതാക്കന്മാരിൽ ഇരുപത്തിഒന്നുപേരെയും അപ്പോയ്ന്റ്മെന്റ് എടുത്ത് നേരിൽ കണ്ടും, ബാക്കിയുള്ളവരെ കത്തിലൂടെയും, പിന്നിട് വാഴിക്കപ്പെട്ട ഏഴു പേരോടും നേരിട്ടും, അവരോട്, അവരുടെ ആലോചനയിലൂടേയും ചിന്തയിലൂടേയും, സഭയ്ക്ക് അധോഗതി വരുത്തുന്ന ഒന്നും ഉണ്ടാകരുതേയെന്ന് അഭ്യർത്ഥിച്ചതും, ഭിന്നിപ്പിന്റെ വേദ ശാസ്ത്രവും ന്യായീകരണവും എന്തു തന്നെയായാലും, എന്തൊക്കെയായാലും, ക്രിസ്തു മൂല്യങ്ങൾക്കെതിരെയുള്ള വെല്ലുവിളിയും, വരുംതല മുറയെ സഭയിൽ നിന്നകറ്റുന്നതും, പ്രതിസാക്ഷ്യവും ആകുന്നു എന്ന് സമയവും അർത്ഥവും ചെലവഴിച്ച് ബോധ്യപ്പെടുത്തിയിട്ടുള്ളതും ആകുന്നു. സ്നേഹത്തിന്റെ, അനുരഞ്ജനത്തിന്റെ, മാന്യമായ യോജിപ്പിന്റെ (Dignified Unity) പ്രായോഗികത ഉൾക്കൊണ്ട് അതൊരു, ദൈവീകനിയോഗമായി ഏറ്റെടുത്ത് ഏതറ്റം വരെയും പോകുവാൻ ത്രാണിയും, ധിഷണയും, ശേഷിയുമുള്ള നേതൃത്വത്തെ വ്യക്തമായി ചൂണ്ടികാട്ടിയപ്പോൾ, ഇകഴ്ത്തി, സ്ഥാനവും മാനവും, അധികാരവും വാഗ്ദത്തം ചെയ്ത്, സഭയുടെ പരമോന്നത സമിതിയായ മലങ്കര സുറിയാനി ക്രിസ്ത്യാനിയെ അസോസിയേഷനെ നോക്കു കുത്തിയാക്കി, 'ദൈവം തെരഞ്ഞെടുക്കാത്ത രാജാവിനെ' വാഴിച്ചു തൃപ്തിയടഞ്ഞവരുടെ, ഇടയത്വം സഭയാകുന്ന മുന്തിരിത്തോട്ടത്തിൽ നിന്ന് കാട്ടുമുന്തിരിങ്ങയുടെ ഫലം ഉണ്ടാക്കിക്കൊണ്ടിരി ക്കുന്നു. 'ആകയാൽ വരുവിൻ; ഞാനെന്റെ മുന്തിരിത്തോട്ടത്തോടു എന്തുചെയ്യും എന്ന് നിങ്ങളോട് അറിയിക്കാം; ഞാൻ അതിന്റെ വേലി പൊളിച്ചു കളയും; അത് തിന്നു പോകും; ഞാൻ അതിന്റെ മതിൽ ഇടിച്ചു കളയും; അത് ചവിട്ടി മെതിച്ചുപോകും. ഞാൻ അതിനെ ശൂന്യമാക്കും. ന്യായത്തിനായി കാത്തിരുന്നു; എന്നാൽ ഇതാ,അന്യായം! നീതിക്കായി നോക്കിയിരുന്നു;

**നീണ്ട പ്രതിവാദങ്ങൾ കേട്ട് സ്ഥാനത്തിനും അധികാരത്തിനും വേണ്ടിയുള്ള പടലപ്പിണക്കങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞുണ്ടായ, കേസും പുക്കാറും എന്ന് നന്നായി മനസ്സിലാക്കിയ കോടതിയുടെ വിധിയിലെ ഈ ഖണ്ഡിക, മനഃപൂർവ്വം, ഇപ്പോൾ ശക്തമായി ഉൽഘോഷിക്കുന്ന, 'Values of Divine Kingdom', അറിയേണ്ട സഭയുടെ സുന്നഹദോസ് ഉൾപ്പെടെയുള്ള സഭാ സമിതികളിൽ ക്രൈസ്തവ സാക്ഷ്യാനുസരണം എത്ര പേർ ചിന്തിച്ചു? എത്രപേർ അനുരഞ്ജനത്തിന് അനുകൂലമായ നിലപാട് സ്വീകരിച്ചു? ഐക്യത്തിനു വേണ്ടി വിട്ടു വീഴ്ചയ്ക്ക് എത്രപേർ ശബ്ദമുയർത്തി?**

എന്നാൽ ഇതാ, ഭീതി!' (യെശ യ്യാവ് : 5)

നഷ്ടപ്പെടുത്തിയ ക്രൈസ്തവ സാക്ഷ്യം, മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ചോർന്നുപോയ പ്രാമുഖ്യം ഇവ യൊക്കെ എങ്ങനെ തിരിച്ചെടുക്കാമെന്ന് സമൂലം ചിന്തിക്കേണ്ടിയ, അതിനായി അതി വേഗം പ്രവർത്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഞെരിഞ്ഞിലുകളിൽ നിന്ന് അത്തിപ്പഴം കായിക്കാറില്ലല്ലോ, അതിൽ നിന്ന് ആ ഫലം കഴിക്കാറുമില്ല. അതുകൊണ്ട് ഈ നേതൃത്വത്തിൽ നിന്ന് വലിയ നന്മ പ്രതീക്ഷിക്കാനുമില്ല. ഗ്രഹിക്കുവാൻ കഴിയുന്നവൻ ഗ്രഹിക്കട്ടെ!' ദി ഗുഡ് ഷെപ്പേർഡ് ഓർത്തഡോക്സ് സിറിയൻ ക്രിസ്ത്യൻ ഫാമിലി ഫെലോഷിപ്പ്' എന്ന ഓർത്തഡോക്സ് സഭാംഗങ്ങൾ മാത്രം അടങ്ങിയ സൊസൈറ്റിക്കു വേണ്ടി

**എ എം അലക്സാണ്ടർ**
(പ്രസിഡന്റ്)
**ഷാജൻ മാത്യു**
(സെക്രട്ടറി)

പുസ്തക വിചാരം

# പ്രവാസ സമൂഹത്തിന്റെ രണ്ടാം തലമുറ വിചാരങ്ങൾ

തോമസ് മണ്ണിൽ




മലങ്കര സഭയുടെ പ്രവാസ സമൂഹത്തിന്റെ പ്രതിനിധിയായുള്ള ഒരു വനിതയുടെ സഭാ വിചാരങ്ങളാണ് 'Whispers in Silence'. സിംഗപ്പൂരിൽ ജനിച്ച് വളർന്ന മേരി ജെ മാരേട്ട് തന്റെ സഭാ വിചാരങ്ങളും ആധ്യാത്മിക യാത്രയുമാണ് പുസ്തകത്തിൽ കോറിയിട്ടിരിക്കുന്നത് നിത്യജീവിതത്തിൽ താൻ നേരിട്ട അനുഭവ ങ്ങളും ആധ്യാത്മിക ചിന്തകളുമാണ് മേരി പുസ്തകത്തിലൂടെ പ്രകാശിപ്പിക്കുന്നത്. പ്രവാസികളായ മലങ്കര സഭാ വിശ്വാസി കളിൽപെട്ട ഒരു വിശ്വാസിയുടെ ആധ്യാത്മിക സഞ്ചാരമാണ് നമുക്ക് കാണാൻ കഴിയുന്നത്. പല നാളുകളായി മേരി കുറിച്ച പ്രാർത്ഥനകളും കവിതകളും അടങ്ങുന്ന ഡയറിക്കുറിപ്പുകളാണ് ഗ്രന്ഥ രചനയ്ക്ക് ആധാരം. മലങ്കര ഓർത്തഡോക്സ് വിശ്വാസികളായ പ്രവാസികളുടെ രണ്ടാം തലമുറ ചിന്തകളാണ് ഗ്രന്ഥത്തിന്റെ ഉള്ളടക്കമെന്നു പറയാം. തന്റെ മെഡിക്കൽ ജീവിതവും ആധ്യാത്മിക പാരമ്പര്യ ങ്ങളും ഇഴകലർത്തിയുള്ള പ്രവാസിയായ ഒരു ക്രൈസ്തവ വനിതയുടെ ആധ്യാത്മികവും മാനസികവുമായ പ്രതിസന്ധികളാണ് മേരിയുടെ ഗ്രന്ഥത്തിൽ നിഴലിക്കുന്നത്. കുട്ടിക്കാലത്ത് തനിക്ക് മനസ്സിലാകുന്ന ഭാഷയിലുള്ള ആരാധനാ ക്രമങ്ങൾ ഇല്ലാത്തതിനാൽ നേരിട്ട് പ്രയാസങ്ങളും അതെങ്ങനെയാണ് അതിജീവിച്ചതെന്നും മേരി എടുത്തു പറയുന്നു. വിദ്യാഭ്യാസ കാലയളവിൽ മറ്റ് ക്രൈസ്തവ വിഭാഗങ്ങളുമായി ഇടപഴകാൻ അവസരം ലഭിച്ചതും അവിടെയൊക്കെ ഓർത്തഡോക്സ് ക്രൈസ്തവ വ്യക്തിത്വം വ്യക്തമാക്കാൻ കഴിയാതെ പ്രതിസന്ധിയിൽ ആയതും എഴുപതുകളിൽ സിംഗപ്പൂരിലും മലേഷ്യയിലും നടന്ന യുവജന വാർഷിക ക്യാമ്പുകൾ തന്നെ രക്ഷിച്ചതും മേരി ചൂണ്ടിക്കാട്ടുന്നു. രണ്ടു ദശാബ്ദങ്ങളായി മലേഷ്യൻ സർവ്വ കലാശാല ശിശുരോഗ വിഭാഗത്തിൽ അധ്യാപികയായി പ്രവർത്തിക്കുന്ന മേരി ആരാധനാ സംഗീതത്തിലും പ്രാവീണ്യം നേടിയിട്ടുണ്ട്, മേരിയുടെ ജീവിതാനുഭവങ്ങൾ പ്രവാസികൾ ആയിട്ടുള്ള വിശ്വാസ സമൂഹത്തിന് തീർച്ചയായും പ്രചോദനവും കരുത്തും പകരും എന്നു തീർച്ചയാണ്.

സോപാന ഓർത്തഡോക്സ് അക്കാഡമിയാണ് പുസ്തകത്തിന്റെ പ്രസാധകർ

# ആബൂനാ ബസേലിയോസ് പുതിയ പാത്രിയർക്കീസ് : പൗരാണിക ബന്ധം പുനഃസ്ഥാപിച്ച് എറിത്രിയൻ സഭ

എറിത്രിയൻ ഓർത്തഡോക്സ് സഭാതലവനായി ആബൂനാ ബസേലിയോസ് (ബേസിൽ) സ്ഥാനാരോഹണം ചെയ്തു. തലസ്ഥാനമായ അസ്മാരായിലെ സെൻറ് മേരീസ് കത്തീഡ്രലിൽ 2025 ജനുവരി 26-നായിരുന്നു സ്ഥാനാരോഹണം. സഭയുടെ ആറാമത്തെ പാത്രിയർക്കീസാണ്. 2022 ഡിസംബർ 2-ന് കാലം ചെയ്ത ആബൂനാ കെർലോസ് പാത്രിയർക്കീസിൻറെ പിൻഗാമിയാണ്.

പ്രസിഡന്റ് ഇസയ്യാസ് അഫ്വെർകി ഉൾപ്പെടെ ഉന്നത ഉദ്യോഗസ്ഥരും നയതന്ത്രപ്രതിനിധികളും വിവിധ സഭകളുടെ പ്രതിനിധികളും ചടങ്ങിൽ സംബന്ധിച്ചു. 1998ലെ ഉടമ്പടി പ്രകാരം കോപ്റ്റിക് ഓർത്തഡോക്സ് സഭയുടെ 5 ബിഷപ്പുമാർ സംബന്ധിച്ചു. ഡോ. യൂഹാനോൻ മാർ ദിമിത്രെയോസ് മെത്രാപ്പോലീത്തായും ഫാ. അശ്വിൻ ഫെർണാണ്ടസും മലങ്കര സഭയെ പ്രതിനിധീകരിച്ചു. പരിശുദ്ധ കാതോലിക്കാ ബാവായുടെ ആശംസാസന്ദേശം പുതിയ പാത്രിയർക്കീസിന് കൈമാറി. സിറിയൻ, അർമേനിയൻ, ഗ്രീക്ക്, റഷ്യൻ ഓർത്തഡോക്സ് സഭകളും ഉന്നത തല പ്രതിനിധി സംഘത്തെ അയച്ചു. രാഷ്ട്രീയ കാരണങ്ങളാൽ എത്യോപ്യൻ സഭയിൽ നിന്നുള്ള പ്രതിനിധികൾക്ക് സംബന്ധിക്കാൻ സാധിച്ചില്ല. 2024 ഡിസംബർ 9-ന് തലസ്ഥാനമായ അസ്മാരയിലെ സഭാ ആസ്ഥാനത്ത് നടന്ന പാത്രിയർക്കാ തെരഞ്ഞെടുപ്പിൽ സഭാ സിനഡിലെ 85 അംഗങ്ങളും ആശ്രമങ്ങൾ, ഭദ്രാസനങ്ങൾ, ഉപഭദ്രാസനങ്ങൾ, വൈദികസെമിനാരി തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രതിനിധികളും വോട്ടു ചെയ്തു. 1998ലെ ഉടമ്പടി പ്രകാരം കോപ്റ്റിക് സഭയുടെ 5 ബിഷപ്പുമാരും വോട്ടു ചെയ്തു. സഭയുടെ താൽക്കാലിക തലവനായിരുന്ന ആർച്ചു ബിഷപ്പ് ആബൂനാ പെത്രോസ് തെരഞ്ഞെടുപ്പിന് നേതൃത്വം നൽകി.

സഭയുടെ മൂന്നാമത്തെ പാത്രിയർക്കീസായി 2004 ൽ സ്ഥാനാരോഹണം ചെയ്ത ആബൂനാ അന്തോണിയോസിനെ സ്വേച്ഛാധിപതിയായ പ്രസിഡന്റ് ഇസയ്യാസ് അഫ്വെർകിയുടെ സർക്കാർ 2006ൽ അറസ്റ്റ് ചെയ്തു വീട്ടുതടങ്കലിലാക്കി. സഭയുടെ ആഭ്യന്തര കാര്യങ്ങളിൽ സർക്കാർ ഇടപെടുന്നതിനെ എതിർത്തതായിരുന്നു കാരണം. സർക്കാർ സ്വാധീനത്താൽ സുന്നഹദോസ് അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കുകയും തൽസ്ഥാനത്തു 2007ൽ ആബൂനാ ദീയസ്കോറോസ് പാത്രിയർക്കീസിനെ നിയമിക്കുകയും ചെയ്തു. 2015ൽ ദീയസ്കോറോസ് കാലം ചെയ്തു. ആബൂനാ അന്തോണിയോസിനെ സഭയിൽനിന്നു പുറത്താക്കിയതായി 2019ൽ സർക്കാർ നിയന്ത്രിത സിനഡ് പ്രഖ്യാപിച്ചു. കാനോനിക പാത്രിയർക്കീസ് ജീവിച്ചിരിക്കെ തന്നെയാണ് 2021ൽ ആബൂനാ കെർലോസ് പാത്രിയർക്കീസായി വാഴിക്കപ്പെട്ടത്.

കോപ്റ്റിക് സഭ ഉൾപ്പെടെ മറ്റ് ഓറിയൻറൽ ഓർത്തഡോക്സ് സഭകൾ ആബൂനാ കെർലോസിനെ അംഗീകരിച്ചിരുന്നില്ല. കാനോനിക പാത്രിയർക്കീസ് കാലം ചെയ്തതിനെ തുടർന്ന് പൗരാണികമായ അലക്സാന്ത്രിയൻ സിംഹാസനവുമായി ബന്ധം പുനഃസ്ഥാപിക്കാനായി എറിത്രിയൻ സഭ മുൻകൈയെടുത്തു. കെയ്റോയിലെത്തിയ ആബൂനാ കെർലോസ് പോപ്പ് തെവദ്രോസ് രണ്ടാമനുമായി 2022 ജൂലൈ 9-ന് കൂടിക്കാഴ്ച നടത്തിയതോടെ കോപ്റ്റിക് സഭയും എറിത്രിയൻ സഭയും തമ്മിൽ ഒന്നര പതിറ്റാണ്ടായി വിച്ഛേദിക്കപ്പെട്ടിരുന്ന ബന്ധം പുനഃസ്ഥാപിച്ചു.

# സവിനയം:സ്നേഹത്തിന്റെ സംവാദങ്ങൾ

ഫാ.ഡോ. കെ.എം. ജോർജ്ജ്

വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ ബാൽക്കണിയിൽ നിന്ന് പുതിയ മാർപാപ്പ ഫ്രാൻസിസ് 2013 മാർച്ച് 13-നു നടത്തിയ കന്നി പ്രസംഗത്തിൽ പറഞ്ഞു. "ഞാൻ റോമിന്റെ ബിഷപ്പാണ്." കേട്ട പലർക്കും മനസ്സിലായില്ല. എന്തിനാണ് അങ്ങനെ അദ്ദേഹം പറഞ്ഞതെന്ന്. മാർപാപ്പ റോമിന്റെ ബിഷപ്പാണല്ലോ. സുപ്രധാന വത്തിക്കാൻ രേഖകളിൽ പാപ്പാമാർ ഒപ്പിടുന്നത് സ്വന്തം പേരിന്റെ അടിയിൽ ലത്തീൻ ഭാഷയിൽ 'എപ്പിസ്കോപ്പൂസ് റൊമാനുസ്' അഥവാ റോമിന്റെ ബിഷപ്പ് എന്ന് എഴുതിയാണ്. പിന്നെ എന്തിന് അത് ആവർത്തിച്ചു പ്രഖ്യാപിക്കുന്നു?

എന്നാൽ പൗരസ്ത്യ ഓർത്തഡോക്സ് സഭകൾക്ക് അതിന്റെ വേദശാസ്ത്രപരവും ചരിത്രപരവുമായ അർഥധ്വനി മനസ്സിലായി. അവരൊക്കെ സന്തോഷിക്കുകയും മഹാനുഭാവനായ മാർപാപ്പയെ മനസ്സാ സ്വീകരിക്കുകയും ചെയ്തു. ചില മാർപാപ്പമാർ ചില സ്ഥാനപ്പേരുകളും പദവികളും പേരിനൊപ്പം സ്വീകരിച്ചത് മുമ്പ് വിവാദങ്ങൾ സൃഷ്ടിച്ചിരുന്നെങ്കിലും ഒരിക്കലും ഫ്രാൻസിസ് മാർപാപ്പ അതിലേക്കൊന്നും കടന്നില്ല. എങ്ങനെയാണ് സവിനയം സ്നേഹത്തിന്റെ സംവാദവും അടുപ്പവും നിലനിർത്തേണ്ടത് എന്നതിലായിരുന്നു അദ്ദേഹത്തിന്റെ ശ്രദ്ധ.

ജസ്വീറ്റ് സന്യാസ സമൂഹത്തിൽ നിന്ന് ആദ്യമായി ഒരു മാർപാപ്പാ തിരഞ്ഞെടുക്കപ്പെട്ടപ്പോൾ സ്വീകരിച്ചത് 13-ാം നൂറ്റാണ്ടിൽ സകല ജീവജാലങ്ങളോടും കരുണ കാണിച്ചു നടന്ന 'ഭിക്ഷാടകനായ' അസീസിയിലെ ഫ്രാൻസിസിന്റെ പേരായിരുന്നു. ബോധപൂർവമായ ഈ പേരു മാറ്റത്തിനു ക്രിസ്തീയ സഭ മാത്രമല്ല, പരിസ്ഥിതിയെക്കുറിച്ചും ഭൂമിയിൽ ജീവന്റെ ഭാവിയെക്കുറിച്ചും ആശങ്കപ്പെടുന്ന സകല മനുഷ്യരും അദ്ദേഹത്തോടു കടപ്പെട്ടിരിക്കുന്നു.

മൂന്നു തവണ ഫ്രാൻസിസ് മാർ പാപ്പയെ നേരിൽ കാണാനും അദ്ദേഹത്തിന്റെ പാരിസ്ഥിതിക ചാക്രിക ലേഖനം 'ലൗദാത്തോ സീ' പുസ്തക രൂപത്തിൽ നേരിട്ട് സ്വീകരിക്കാനും ഭാഗ്യമുണ്ടായി. ഒരു പ്രാവശ്യം ഓർത്ത ഡോക്സ് സഭയുടെ പരിശുദ്ധ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ ഔദ്യോഗിക സന്ദർശനത്തിന്റെ ഭാഗമായി മാർപാപ്പയോടൊപ്പം ഭക്ഷണം കഴിക്കാനും അവസരമുണ്ടായി. അന്ന് ഗൗരവക്കാരനായ പിതാവിനെപ്പോലെയല്ല, അതീവ സൗഹൃദത്തോടെയാണ് മാർപാപ്പ സംസാരിച്ചത്. 6 പേരിരുന്ന വട്ടമേശയിലെ സംഭാഷണത്തിനിടയിൽ അസീസിയിലെ ഫ്രാൻസിസിന്റെ പ്രകൃതിസ്നേഹവും വിഷയമായി. മനുഷ്യർക്ക് ഉപദ്രവം ഉണ്ടാക്കുന്ന ജന്തുക്കളെപ്പോലും തന്റെ പേരുകാരൻ സ്നേഹിച്ചിരുന്ന കാര്യവും പറഞ്ഞു. അപ്പോൾ ഞാൻ പറഞ്ഞു, ഇന്ത്യയിൽ പാമ്പുകൾക്കും എലികൾക്കും മറ്റും ഭക്ഷണം കൊടുക്കുന്ന സ്ഥലങ്ങൾ ഉണ്ടെന്ന്. കൊച്ചുകുട്ടികൾ കഥ കേൾക്കുന്ന പോലെ വിടർന്ന കണ്ണുകളുമായി മാർപാപ്പാ ചോദിച്ചു, "അവിടെ വിഷമുള്ള പാമ്പുകൾക്കും തീറ്റ കൊടുക്കുമോ?" "കൊടുക്കും പരിശുദ്ധ പിതാവേ" എന്ന മറുപടി കേട്ടപ്പോൾ അദ്ദേഹം വിസ്മയത്തോടെ ഒരു പത്തു വയസ്സുകാരന്റെ മുഖഭാവവുമായി ഇരുന്നത് ഓർക്കുന്നു. മാർപാപ്പയുടേത് ശൈശവത്തിന്റെ നിഷ്കളങ്കതയും അദ്ഭുതവും ആയിരുന്നില്ല, അതിനപ്പുറമുള്ള അറിവിന്റെ നേർമയും സാത്വികമായ മനസ്സിന്റെ വിസ്മയവുമായിരുന്നു.

## പുസ്തക പരിചയം




### ഫ്രാൻസിസ് മാർപാപ്പ: ആർദ്രതയുടെ ആൾരൂപം

**ഫാ. ഡോ. കെ. എം. ജോർജ്**
സോപാന ഓർത്തഡോക്സ് അക്കാദമി, ഞാലിയാകുഴി, കോട്ടയം
വില: 100 രൂപ

ഫ്രാൻസിസ് മാർപാപ്പാ സ്ഥാനമേറ്റതിന്റെ പിറ്റെദിവസം തുടങ്ങി വിവിധ സന്ദർഭങ്ങളിൽ അദ്ദേഹത്തെക്കുറിച്ച് എഴുതിയ ലേഖനങ്ങളാണ് ഈ ചെറു ഗ്രന്ഥത്തിൽ സമാഹരിച്ചിരിക്കുന്നത്. ഫ്രാൻസിസ് മാർപാപ്പായുമായി നേരിട്ട് കാണാൻ ഗ്രന്ഥകാരന് മൂന്ന് അവസരങ്ങളുണ്ടായി. ആ ഹൃദയസ്പർശിയായ സ്മരണകൾ അദ്ദേഹം പങ്കുവയ്ക്കുന്നു.

### എ.കെ. തോമസും മലങ്കര സഭയും

എഡി. ഡോ. വർഗീസ് പേരയിൽ
പീടികയിൽ ബുക്ക് ഹൗസ്
പരുമല
വില 200 രൂപ

സഭയുടെ അസോസിയേഷൻ സെക്രട്ടറിയായി പ്രവർത്തിച്ച എ.കെ. തോമസിന്റെ ജീവിതം പുസ്തകത്തിൽ ഇതൾ വിരിയുന്നു. സഭയെ ജീവനു തുല്യം സ്നേഹിച്ച അൽമായ നേതാവായ അദ്ദേഹത്തിന്റെ കർമ ജീവിതം പുസ്തകം വരച്ചുകാട്ടുന്നു.

ദ ഗുഡ് ഷെപ്പേർഡ് ബുള്ളറ്റിൻ പത്രാധിപസമിതി

ചീഫ് എഡിറ്റർ
സജി എബ്രഹാം

എഡിറ്റോറിയൽ അഡ്വൈസർ
പ്രൊഫ. ഡോ.ജോസ് പാറക്കടവിൽ

മാനേജിംഗ് എഡിറ്റർ
തോമസ് മണ്ണിൽ

പ്രിന്റർ & പബ്ലിഷർ
ശ്രീ. ഷാജൻ മാത്യു

അംഗങ്ങൾ
ഡോ. കെ.കെ കൊച്ചു കോശി
ഡോ. അലക്സ് ഫിലിപ്പ്
ജോസ് കെ തോമസ്
ദീപു ജോസഫ്

ഫോൺ : 9447097422
Email : smathewkattapuram@gmail.com

FOR PRIVATE CIRCULATION ONLY

Edited, Printed and Published by Mr. Shajan Mathew, Kattapurath Valiyil Avenue, Angadical P. O, Chengannur, 689 122. Chief Editor : Saji Abraham, Design at Focus Creations, Pandalam, 9544025269